പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3074 | 10/05/2017-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ അമിത നിരക്കുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് കിടത്തിച്ചികിത്സയ്ക്കായി മുറികൾക്ക് ഒരു ദിവസത്തെ വാടക ഇനത്തിൽ മാത്രം 7000/- മുതൽ 12500/- രൂപ വരെ ഈടാക്കുന്നതായും മുറികളുടെ നിലവാരമനുസരിച്ച് ഒരേ അസുഖത്തിന് വിവിധ നിലകളിലുള്ള മുറികളിൽ കിടക്കുന്ന രോഗികൾക്ക് കൊടുക്കുന്ന മരുന്നുകൾക്കും ഓപ്പറേഷനും ലാബ് ടെസ്റ്റിനും കുടിവെള്ളത്തിനും ആഹാരത്തിനും എല്ലാം യഥാർത്ഥ വിലയുടെ 60% വരെ അധികം ഈടാക്കുകയും ചെയ്യുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും സി) യും | സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | രണ്ടാം നിലയിലെ രോഗിക്ക് ഓപ്പറേഷന് ഒരു ലക്ഷം രൂപയാണെങ്കിൽ ഒമ്പതാം നിലയിൽ ഇതേ ഓപ്പറേഷനു വിധേയനായ രോഗിയിൽനിന്നും 1,60,000/- രൂപ ഈടാക്കുന്നതായും ആക്ഷേപമുള്ളതിനാൽ ഇപ്രകാരം ചെയ്യുന്ന ആശുപത്രികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; | | |
| സി) | ഇതിനെക്കുറിച്ച് വിശദമായി പഠിക്കുവാനും അന്വേഷിക്കുവാനും കമ്മിറ്റിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ